**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **05-10-2021 - ൽ മറുപടിയ്ക്ക്**

**എക്സ്പെൻ്റിച്ചർ അവലോകന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും എക്സ്പെൻ്റിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ കഴിഞ്ഞ 5 വർഷകാലയളവിനുള്ളിൽ സർക്കാരിന് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കഴിഞ്ഞ 5 വർഷകാലയളവിൽ 5 റിപ്പോർട്ടുകളാണ് എക്സ്പെൻ്റിച്ചർ റിവ്യൂ കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. 2014-15, 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാരിന്റെ ചെലവുകളെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും യഥാക്രമം നാല് അവലോകന റിപ്പോർട്ടുകൾ നാലാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി' സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, 2018-19 സാമ്പത്തിക വർഷത്തെ സർക്കാരിന്റെ ചെലവുകളെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും അഞ്ചാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി' സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. പബ്ലിക് അക്കൗണ്ട് വഴിയുള്ള കട ബാധ്യത കുറച്ചു കൊണ്ടു വരുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരിച്ചെടുക്കുകയുണ്ടായി. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും നിലവിലെ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്തു കൊണ്ട് നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകികൊണ്ടും ധനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. |
| (ബി) | ധന ഉത്തരവാദിത്ത നിയമവുമായി ബന്ധപ്പെട്ട് സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിൽ നിറവേറ്റാൻ കഴിയാത്തവയുടെ കാരണങ്ങൾ എന്തെന്നും വിശദമാക്കാമോ; | (ബി) | 2018 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങളും നേട്ടങ്ങളും ചുവടെ പറയും പ്രകാരമാണ്. (ശതമാനത്തിൽ) ധന സൂചകങ്ങൾ 2017-18 2018-19 2019-20 റവന്യൂ കമ്മി /ജി.എസ്. ഡി.പി ലക്ഷ്യം 0 0 0 നേട്ടം 2.41 2.21 1.70 ധനകമ്മി/ ജി.എസ്. ഡി.പി ലക്ഷ്യം 3.0 3.0 3.0 നേട്ടം 3.83 3.41 2.79 കടബാധ്യത/ജി.എസ്. ഡി.പി ലക്ഷ്യം 30.40 30.01 29.67 നേട്ടം 30.04 29.82 30.46* (*സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ) നോട്ടു നിരോധനവും GST നടപ്പിലാക്കിയ തിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചു വരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ |

| | | | |
|---|---|---|---|
| | | | വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും കടമെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ പുതുക്കുന്നതിലേക്കായി ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഭേദഗതി വരുത്തിയാൽ അത് സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കോവിഡ് - 19 സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതവും റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതും കാരണം വായ്പയെ കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. 2019 ലെ സാമ്പത്തിക മാന്ദ്യം, കോവിഡ് – 19 തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ധനഉത്തരവാദിത്ത നിയമത്തിൽ ഭേദഗതി വരുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് 2019-20 -ൽ അധികവായ്പ അനുവദിക്കുകയും 2020-21 ൽ വായ്പാപരിധി GSDP യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി വർദ്ധിപ്പിക്കുകയും 2021-22 ൽ മൂലധന ചെലവിന്റെ ലക്ഷ്യങ്ങൾക്ക് വിധേയമായി വായ്പാപരിധി GSDP യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുള്ളത്. കൂടാതെ, നടപ്പ് സാമ്പത്തിക വർഷം ഊർജ്ജമേഖലയിലെ പരിഷ്കരണങ്ങൾക്കും ധനഉത്തരവാദിത്ത നിയമത്തിന്റെ ഭേദഗതിയ്ക്കും വിധേയമായി GSDP യുടെ 0.50% അധിക വായ്പയും അനുവദിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അധിക വായ്പ സംസ്ഥാനം എടുത്തിട്ടുള്ളതിനാലും റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് കാരണം വായ്പയെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നതിനാലും പ്രസ്തുത ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. |

സെക്ഷൻ ഓഫീസർ

**(ശതമാനത്തിൽ)**

| ധന സൂചകങ്ങൾ | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| റവന്യൂ കമ്മി /ജി.എസ്. ഡി.പി | ലക്ഷ്യം | 0 | 0 | 0 |
| | നേട്ടം | 2.41 | 2.21 | 1.70 |
| ധനകമ്മി/ ജി.എസ്. ഡി.പി | ലക്ഷ്യം | 3.0 | 3.0 | 3.0 |
| | നേട്ടം | 3.83 | 3.41 | 2.79 |
| കടബാധ്യത/ജി.എസ് . ഡി.പി | ലക്ഷ്യം | 30.40 | 30.01 | 29.67 |
| | നേട്ടം | 30.04 | 29.82 | 30.46* |

(*സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ)